(*a*) whether it is a fact that they received innumerable complaints about the A. S. P., Nagercoil, to the effect that he is specially interested in working for the betterment of a few motor bus service companies, with a view to the detriment of a large number of such companies ; and

(*b*) if so, the action taken by the Government thereon ?

MR. K. GEORGE (*Chief Secretary to Government*) : (*a*) No.

(*b*) This does not arise in view of the answer to part (*a*).

Grant of leave to Mr. M. O. Oomman, Divisional Forest Officer.

228. **MR. JOSEPH KUNJU** (*Changanachery* cum *Peermade*) Will the Government be pleased to state :

(*a*) whether, prior to the 15th Karkatakam 1106, they or the Conservator of Forests had asked Mr. M. O. Oomman, Divisional Forest Officer, Quilon, to apply for leave ;

(*b*) whether he has been asked to do so since the 15th Karkatakam 1106 ;

(*c*) if so, the dates on which he was so asked ;

(*d*) whether he has applied for leave accordingly :

(*e*) if he has not applied for leave in accordance with the orders of the higher authorities, the reason for the same ;

(*f*) if he has not applied for leave in accordance with the orders of the higher authorities, whether he is not liable to be punished for disobedience of orders ; and

(*g*) the reason or reasons why he has been asked to apply for leave ?

MR. A. KUMARA PILLAI (*Secretary to Government*) : (*a*) Yes. Even before the 15th Karkatakam, the Conservator of Forests had advised Mr. Oomman to go on leave and recoup his health after seeing his condition personally.

(*b*) Yes. After the 15th Karkatakam he was again asked.

(*c*) 24-12-1106.

(*d*) No.

(*e*) Mr. Oomman reported late in January 1932 that he was subject to asthma only during the dewy season and not during the rainy season and that, since he had a complete course of injection for asthma at Madras during the last Christmas, he was quite free from the disease.

(*f*) No. The Conservator was satisfied with his reason for not applying for leave.

(*g*) He was advised to take leave for some time and recoup his health, as he had attacks of asthma at frequent intervals in spite of his getting injections in Madras, in consequence of which his general health was very low and he was not able to do practically the work of a Divisional Forest Officer.

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH KUNJU (*Changanachery* cum *Peermade*): കക്കടകം ഫ ൪-ാംനു-ക്കു മുമ്പു് അവധി എടുക്കണമെന്നു മി. ഉമ്മനോടു് ആവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നു. അങ്ങനെ ആവശ്യപ്പെട്ടതെന്നാണു്?

MR. A. KUMARA PILLAI (*Secretary to Government*): തീയതി നിശ്ചയമില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഏകദേശം കക്കടകമാസത്തോടടുത്തായിരിക്കുമൊ അങ്ങനെ ആവശ്യപ്പെട്ടതു്?

MR. A. KUMARA PILLAI (*Secretary to Government*): കക്കടകം ഫ ൪-ാംനു-ക്കുമുമ്പാണു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): എത്രമാസത്തിനുമുമ്പാണെന്നു പറയാമൊ?

MR. A. KUMARA PILLAI (*Secretary to Government*): ആ വിവരം അറിഞ്ഞുകൂടാ.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഏകദേശം കക്കടകം ഫ ൪-ാംനു-യോടു് അടുത്തായിരിക്കുമൊ എന്നു പറയാൻ നിവൃത്തിയില്ലെ?

MR. A. KUMARA PILLAI (*Secretary to Government*): മി: ഉമ്മനോടു് അവധി എടുക്കാൻ ആവശ്യപ്പെട്ടതു മിഥുനമാസത്തിലായിരിക്കും. കൺസർവേറരുടെ റിപ്പോർട്ടിൽ അതു കാണുന്നില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അദ്ദേഹത്തെ നേരിട്ടുകണ്ടു രോഗിയാണെന്നു മനസ്സിലാക്കിയിട്ടാണു് അവധി എടുക്കാൻ കൺസർവേറർ ആവശ്യപ്പെട്ടതു് എന്നു മറുപടിയിൽ പറയുന്നു. അപ്പോൾ കൺസർവേറരുടെ പരിശോധനയിൽ, മി: ഉമ്മനു് കാർഡിയാക്കു് ആസ്മായൊ ബ്രോങ്കിയൽ ആസ്മായൊ ഏതു തരത്തിലുള്ള ആസ്മായാണെന്നാണു കണ്ടതു്?

MR. A. KUMARA PILLAI (*Secretary to Government*): കൺസർവേറർ പരിശോധിച്ചതിൽ ഇന്നതരത്തിലുള്ള ആസ്മായാണു് മി: ഉമ്മനുണ്ടായിരുന്നതെന്നു റിപ്പോർട്ടുകൊണ്ടു കാണുന്നില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): മി: ഉമ്മന്റെ സുഖക്കേടുമനസ്സിലാക്കിയാണല്ലൊ അവധി എടുക്കാൻ പറഞ്ഞതു്. എന്നാൽ അദ്ദേഹത്തിനു് ആസ്മാസുഖക്കേടാണെന്നു മനസ്സിലാക്കി എന്നുള്ളതിനു വല്ല റിക്കാർഡും ഉണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. KUMARA PILLAI (*Secretary to Government*): ഒരാൾക്കു സുഖക്കേടാണെങ്കിൽ അതു പ്രഥമദൃഷ്ടിയിൽതന്നെ കാണുന്നയാൾക്കു മനസ്സിലാക്കാൻ സാധിക്കും.

MR. JOSEPH KUNJU (*Changanachery* cum *Peermade*) :അതിലേക്കുള്ള വൈദഗ്ധ്യം കൺസർവേറാർക്കുണ്ടായിരുന്നുവൊ?

MR. A. KUMARA PILLAI (*Secretary to Government*): രോഗിയായൊരാളിനെക്കണ്ടാൽ അയാൾ രോഗിയാണെന്നു മനസ്സിലാക്കുന്നതിനു വൈദഗ്ധ്യമൊ ശാസ്ത്രപരിജ്ഞാനമൊ വേണമെന്നില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): കൺസർവേറരുടെ പരിശോധനയിൽ മി: ഉമ്മനു ആസ്മാമാത്രമെ ഉണ്ടായിരുന്നുള്ളൊ അതല്ല മറുവല്ല രോഗങ്ങളുംകൂടി ഉണ്ടായിരുന്നൊ?

MR. A. KUMARA PILLAI (*Secretary to Government*) : മറുരോഗങ്ങളും ഉള്ളതായി മനസ്സിലാക്കിയൊ എന്നറിഞ്ഞുകൂടാ. ആസ്മാ കാസരോഗമാണു്. അതിന്റെ വലിവുകൊണ്ടു കാണുന്നവർക്കു അതുമനസ്സിലാക്കാൻ സാധിക്കും.

MR. JOSEPH KUNJU (*Changanachery* cum *Peermade*) : അപ്പോൾ മിഥുനമാസത്തിൽ കൺസർവേറർ അവിടെ പോയപ്പോൾ മി. ഉമ്മൻ വലിച്ചുകൊണ്ടിരിക്കയായിരുന്നു എന്നാണൊഞാൻ മനസ്സിലാക്കേണ്ടതു്? (ചിരി)

MR. A. KUMARA PILLAI (*Secretary to Government*) : കൺസർവേറർക്കു മി: ഉമ്മനെ കണ്ടപ്പോൾ അദ്ദേഹം ദീനക്കാരനാണെന്നു മനസ്സിലായി.

MR. JOSEPH KUNJU (*Changanachery* cum *peermade*) : പാർട്ട (എ)-യിൽ കൺസർവേറർ മി: ഉമ്മനോടു് അവധിയെടുക്കാൻ അഡൈവ്സ്ചെയ്തു എന്നും, പാർട്ട (ബി)-യിൽഅവധിയെടുക്കാൻ ആവശ്യപ്പെട്ടുഎന്നും കാണുന്നു. ഇതിൽ 'ഉപദേശിച്ചു' എന്നും 'ആവശ്യപ്പെട്ടു' എന്നും പറയുന്നതിന്റെ വ്യത്യാസം എന്താണു്?

MR. A. KUMARA PILLAI (*Secretary to Government*): ആദ്യം കണ്ടു പറഞ്ഞിരിക്കാം; പിന്നീടു് ഔദ്യോഗികമായി എഴുതി അയച്ചിരിക്കാം.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അപ്പോൾ ഇവിടെ അഡൈവ്സ് ചെയ്തുഎന്നു പറയുന്നതു് അവധി എടുക്കാൻ ഉപദേശിച്ചു എന്നാണൊ മനസ്സിലാക്കേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly

MR. A. KUMARA PILLAI (*Secretary to Government*): സുഖക്കേടായതു കൊണ്ടുകുറെദിവസം അവധിഎടുത്താൽ ദേഹത്തിനു സുഖമുണ്ടാകും എന്നു് ഉപദേശിച്ചിരിക്കാം. എന്നാൽ ജോലിശരിയായി നോക്കാത്തതുകൊണ്ടു് അവധിഎടുത്തു കൊള്ളണമെന്നു രണ്ടാമതു എഴുതിഅയച്ചിരിക്കാം.

MR. JOSEPH KUNJU (*Changanachery* cum *Peermade*): രണ്ടാമതുഡിപ്പാർട്ടുമെൻറു മേധാവി ആവശ്യപ്പെട്ടതു് ആദ്യത്തെപ്പോലെ സൗഹാർദ്ദമായ നിലയിൽ അല്ലാഎന്നാണോ ഞാൻമനസിലാക്കേണ്ടതു്?

MR. A. KUMARA PILLAI (*Secretary to Government*): കൺസർവേറുടെ റിപ്പോർട്ടുകൊണ്ടു് അങ്ങനെ ഒന്നുംകാണുന്നില്ല. എന്നാൽ രണ്ടാമതു് ഔദ്യോഗികമായനിലയിൽ ആയിരിയ്ക്കണം ആവശ്യപ്പെട്ടതു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഇങ്ങനെ ഔദ്യോഗികമായ നിലയിൽ ആവശ്യപ്പെട്ടിട്ടും മി: ഉമ്മൻ അവധിഎടുത്തില്ല എന്നാണ് പാർട്ട (ഡി)-യിൽനിന്നും മനസ്സിലാകുന്നതു്. ഡിവിഷനൽ ഫാറസ്റ്റാഫീസർ അങ്ങനെ ചെയ്യാത്തതു് അദ്ദേഹത്തിൻെറ പേരിലുള്ള കുറ്റമല്ലെ?

MR. A. KUMARA PILLAI (*Secretary to Gevernment*): അവധിഎടുക്കാതിരുന്നതിനുള്ളകാരണത്തെപ്പറ്റി പാർട്ട (ഡി)-യിൽ ഉത്തരം പറഞ്ഞിട്ടുണ്ടു്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അതു് എനിക്കു വ്യക്തമാകാത്തതുകൊണ്ടാണു് ഞാൻ ചോദിക്കുന്നതു്. ഒരു മേലുദ്യോഗി ഒരു കീഴുദ്യോഗസ്ഥനോടു് അവധി എടുക്കണം എന്നു് ആവശ്യപ്പെട്ടതനുസരിച്ചു് അവധി എടുത്തില്ലെങ്കിൽ അതു് ഒരു കുറ്റമായിട്ടുവേണ്ടെവിചാരിക്കാൻ?

MR. A. KUMARA PILLAI (*Secretay to Government*): സുഖക്കേടുകൊണ്ടാണു് അദ്ദേഹം അവധിഎടുക്കാൻ ആവശ്യപ്പെട്ടതു്. സുഖക്കേടുഭേദമായിക്കഴിഞ്ഞാൽ പിന്നീടു് അവധി എടുക്കേണ്ട ആവശ്യമില്ലല്ലൊ.

MR. JOSEPH KUNJU (*Changanachery* cum *Peermade*): രോഗനിർണ്ണയംചെയ്തപ്പോൾ ഇതിനെപ്പറ്റി ആലോചിച്ചില്ലെ?

MR. A. KUMARA PILLAI (*Secretary to Government*): മാറാൻ പാടില്ലാത്ത ഒരു സുഖക്കേടല്ലല്ലൊ ആസ്മാ.

MR. JOSEPH KUNJU (*Changanachery* cum *Peermade*): അപ്പോൾ അവധിഎടുക്കണമെന്നു കൺസർവേറർ രണ്ടാമതു് ആവശ്യപ്പെട്ടിട്ടുമി

LIBRARY ARCHIVES Kerala Legislative Assembly

യം മി: ഉമ്മന്റെ സുഖക്കേട് ഭേദമായി എന്നാണൊ ഞാൻ മനസ്സിലാക്കേണ്ടത്?

MR. A. KUMARA PILLAI (*Secretary to Government*): എന്നാണ് ഇതിൽകാണുന്നത്?

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഇതിൽകാണുന്നത് "he was subject to asthma only during the dewy season" എന്നാണ്. ഇവിടത്തെ മഞ്ഞുകാലം എപ്പോഴാണ്?

MR. A. KUMARA PILLAI (*Secretary to Government*): അത് മെമ്പർക്കറിഞ്ഞുകൂടെ?

MR. JOSEPH KUNJU (*Changanachery* cum *Peermade*): സാധാരണ ഞാൻ ധരിച്ചിരിക്കുന്നത് വൃശ്ചികം, ധനു, ഈ മാസങ്ങളാണ് മഞ്ഞുകാലം എന്നാണ്.

MR. A. KUMARA PILLAI (*Secretary to Government*): അതെ

MR. JOSEPH KUNJU (*Changanachery* cum *Peermade*) അങ്ങനെയാണെങ്കിൽ" he was subject to asthma only during the dewy season" എന്നുപറഞ്ഞിരിക്കുമ്പോൾ മിഥുനമാസത്തിൽ അവധി എടുക്കാൻ പറഞ്ഞിരിക്കുന്നതിന്റെ കാരണം എന്താണ്?

MR. A. KUMARA PILLAI (*Secretary to Government*): ആ വിവരം കൺസർവേറാരുടെ റിപ്പോർട്ടുകൊണ്ടു മനസ്സിലാകുന്നില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*) ഇതിനെ സംബന്ധിച്ചു മെമ്പർക്കു വല്ല സമാധാനവും പറയാനുണ്ടൊ?

MR. A. KUMARA PILLAI (*Secretary to Government*): മെമ്പർ കൺസർവേറരെ കാണുകയൊ ചോദിക്കയൊ ചെയ്തിട്ടില്ല.

MR. JOSEPH KUNJU (*Changanacherry* cum *Peermade*): കൺസർവേറർക്ക് ഇതിലേക്കു ശരിയായ സമാധാനം പറയാൻ ഇല്ലാ എന്നാണൊ ഞാൻ മനസ്സിലാക്കേണ്ടത്? മഞ്ഞുകാലത്തു മാത്രമെ മിസ്റ്റർ ഉമ്മനു രോഗം ഉണ്ടാകാറുള്ളു എന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെയിരിയ്ക്കെ മഞ്ഞില്ലാത്ത മിഥുനമാസത്തിൽ അവധി എടുക്കാൻ ആവശ്യപ്പെട്ടതിനുള്ള കാരണം എന്താണ്?

MR. A. KUMARA PILLAI (*Secretary to Government*): സാധാരണയായിട്ട് ആസ്മയുടെ ഇപദ്രവം വാവ് അടുക്കുമ്പോൾ ഉണ്ടാകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഞാൻ ഈ ചോദ്യത്തിന്റെ ഉപചോദ്യം ചോദിയ്ക്കയാണ്. ഇതിൽ വാവിനെപ്പറ്റിയൊന്നും പറയുന്നില്ല.

MR. A. KUMARA PILLAI (*Secretary to Government*): സാധാരണയായി മഞ്ഞുകാലത്താണ് ഇതിന്റെ ഉപദ്രവം ഉണ്ടാകാറുള്ളത്. എങ്കിലും മറ്റുമാസങ്ങളിലും വാവുതോറും, അതിനു രണ്ടുമൂന്നുദിവസത്തിനു മുൻപും പിൻപും ആസ്മാരോഗത്തിന്റെ ഉപദ്രവം ഉണ്ടാകാറുണ്ട്. അതനുസരിച്ചു മിഥുനമാസത്തിൽ മിസ്റ്റർ ഉമ്മന് ആസ്മയുടെ ഉപദ്രവം ഉണ്ടെന്നു കൺസർവേറ്റർ കണ്ടതുകൊണ്ടായിരിക്കാം അവധി എടുക്കാൻ ആവശ്യപ്പെട്ടത്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഇപ്പോൾ പറഞ്ഞതു മെമ്പരുടെ സ്വന്ത അഭിപ്രായമൊ അല്ല കൺസർവേറ്ററുടെ അഭിപ്രായമൊ?

MR. A. KUMARA PILLAI (*Secretary to Government*): അങ്ങനെ ആയിരിക്കാം എന്നു ഞാൻ ഉദ്ദേശിച്ചു പറകയാണ്.

MR. JOSEPH KUNJU (*Changanachery* cum *Peermade*): ഉദ്ദേശത്തെ അടിസ്ഥാനപ്പെടുത്തിയാണൊ ജനപ്രതിനിധികളോടു സമാധാനം പറയേണ്ടതു?

MR. A. KUMARA PILLAI (*Secretary to Government*): ഇതിനെപ്പറ്റിയുള്ള വിവരങ്ങളൊന്നും കൺസർവേറ്ററുടെ റിപ്പോർട്ടിൽ പറയുന്നില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): സുഖക്കേടു ഭേദമായതുകൊണ്ടു അവധി എടുക്കേണ്ട ആവശ്യം ഉണ്ടായില്ല എന്നു മറുപടിയിൽ കാണുന്നുണ്ട്. അതു് കൺസർവേറ്ററുടെ ശരിയായ പരിശോധനക്കുശേഷമാണൊ തീർച്ചപ്പെടുത്തിയതു?

MR. A. KUMARA PILLAI (*Secretary to Government*): കൺസർവേറ്ററുടെ റിപ്പോർട്ടിൽ ഉള്ളതെല്ലാം ഈ മറുപടിയിൽ എഴുതിയിട്ടുണ്ട്. അതിൽ കൂടുതൽ പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

MR. JOSEPH KUNJU (*Changanachery* cum *Peermade*): മിസ്റ്റർ ഉമ്മനു സുഖക്കേടുഭേദമായിരിയ്ക്കണം എന്നു കൺസർവേറ്റർക്കു ബോദ്ധ്യപ്പെട്ടതുകൊണ്ടല്ലെ അവധി എടുക്കാത്തതു്?

MR. A. KUMARA PILLAI (*Secretary to Government*): കൺസർവേറ്ററുടെ റിപ്പോർട്ടിൽ കാണുന്നവിവരങ്ങളെല്ലാം ഇവിടെ എഴുതിയിട്ടുണ്ട്. അതിൽകൂടുതൽ പറയാൻ ഇപ്പോൾ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly